**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ഒഴികെയുള്ള ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (P&M ) മാരെ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിന്റെ ചുമതലയിൽ നിന്ന് പൂർണമായി ഒഴിവാക്കി ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയന്ത്രണത്തിലാക്കിയും ഭരണപരമായ ആവശ്യങ്ങൾക്ക് ശുചിത്വമിഷന് ഈ വർഷം അനുവദിച്ച തുകയിൽ നിന്ന് പ്രസ്തുത ഉദ്യോഗസ്ഥർക്ക് **2018** ഒക്ടോബർ **1** മുതൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 2634/ 2018/ തസ്വഭവ തിരുവനന്തപുരം, തീയതി 14.10.2018

---

പരാമർശം :-1) 17.04.2018 ലെ സ.ഉ (സാധാ) നം 1093/ 2018/ തസ്വഭവ നമ്പർ ഉത്തരവ്

2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09.08.2018. 05.09.2018 തീയതികളിലെ 576/ B/ 2017/ SM നമ്പർ കത്ത്

<u>ഉത്തരവ്</u>

ഗ്രാമവികസന കമ്മീഷണറുടെ കീഴിൽ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി &എം) എന്ന തസ്തികയിൽ ജോലി ചെയ്യുന്നവരെ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഭരണപരമായ നിയന്ത്രണത്തിൽ കൊണ്ട് വരികയും ശുചിത്വ മാലിന്യ പരിപാലന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാരായി ചുമതല നൽകിയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ശുചിത്വ മിഷനിൽ നിയമിച്ചിരിക്കുന്ന പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഗ്രാമവികസന കമ്മീഷണർ തൊഴിലുറപ്പ് പദ്ധതി ഉൾപ്പടെയുള്ള മറ്റ് പദ്ധതികളുടെ മേൽനോട്ട ചുമതല നൽകുന്നതും ഉദ്യോഗസ്ഥർക്ക് നീണ്ട അവധികൾ അനുവദിക്കുന്നതും ഇത് സംബന്ധിച്ച വിവരം ശുചിത്വ മിഷന് ലഭ്യമാക്കാതിരിക്കുന്നതും ഭരണപരമായ പ്രതിസന്ധി സൃഷ്ടിക്കുന്നതിനാൽ ശുചിത്വ മിഷന്റെ ശുചിത്വ മാലിന്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഇവർക്ക് പൂർണ്ണ സമയ ചുമതല നൽകി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കണമെന്നും നിലവിൽ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി &എം) മാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ഡി.ആർ.ഡി.എ. ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നത് എങ്കിലും 2018-2019 സാമ്പത്തിക വർഷം ഈ ഇനത്തിൽ കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിട്ടില്ലാത്തതിനാൽ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ ഈ

വിഭാഗത്തിൽ നിന്നും ശുചിത്വ മിഷനിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ (ആലപ്പുഴ ഒഴികെ) ശമ്പളവും മറ്റ് അലവൻസുകളും ശുചിത്വ കേരളം (റൂറൽ) എന്ന ശീർഷകത്തിലെ ഭരണ ചെലവുകളിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകണമെന്നും, ഈയിനത്തിലെ വാർഷിക അധിക ബാധ്യത 1.20 കോടി രൂപയായി കണക്കാക്കിയിട്ടുള്ളതിനാൽ ഇതിനു ആവശ്യമായ അധിക ഫണ്ട് അനുവദിച്ചു തരണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ഒഴികെയുള്ള ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (P&M ) മാരെ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിന്റെ ചുമതലയിൽ നിന്ന് പൂർണമായി ഒഴിവാക്കി ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയന്ത്രണത്തിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഭരണപരമായ ആവശ്യങ്ങൾക്ക് ശുചിത്വ മിഷന് ഈ വർഷം അനുവദിച്ച 3.5 കോടി രൂപയിൽ നാളിതുവരെ 1.13 കോടി രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത് എന്നതിനാലും പ്രസ്തുത ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാനുള്ള ഫണ്ട് ശുചിത്വ മിഷനിൽ ലഭ്യമാണ് എന്നതിനാലും ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിന്റെ ചുമതല ഒഴിവാക്കി ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയന്ത്രണത്തിലാക്കിയിട്ടുള്ള ആലപ്പുഴ ഒഴികെയുള്ള ജില്ലാകോർഡിനേറ്റർമാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും 2018 ഒക്ടോബർ 1 മുതൽ ശുചിത്വ കേരളം (റൂറൽ) എന്ന ശീർഷകത്തിലെ ഭരണ ചെലവുകളിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്ന് നൽകുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു.എൽ**

**ഗവ. സ്പെഷ്യൽ സെക്രട്ടറി**

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ